# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3877 27.06.2012-ൽ മറുപടിയ്ക്ക്

## കോക്ളിയർ ഇംപ്ളാന്റേഷൻ ശസ്ത്രക്രിയ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.എ. വാഹീദ്<br>,, സണ്ണി ജോസഫ്<br>,, പാലോട് രവി<br>,, അൻവർ സാദത്ത് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| (എ) കോക്ളിയർ ഇംപ്ളാന്റേഷൻ ശസ്ത്രക്രിയയ്ക്ക് സർക്കാർ ആശുപത്രികളിൽ സംവിധാനം നിലവിലുണ്ടോ; | (എ) | കോഴിക്കോട് മെഡിക്കൽ കോളേജിൽ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിവരുന്നുണ്ട്.<br>ആരോഗ്യവകുപ്പിലെ ആശുപത്രികളിൽ ഈ സംവിധാനം നിലവിലില്ല. |
| (ബി) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ആയതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) | സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ? | (സി) | ഈ ശസ്ത്രക്രിയയ്ക്ക് ആവശ്യമായിട്ടുള്ള ഇ.എൻ.റ്റി ഹെഡ് ഓഫ് ദ ഡിപ്പാർട്ട്മെന്റ് നിർദ്ദേശിച്ച തലത്തിലുള്ള ഉപകരണങ്ങൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വാങ്ങിയിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ ഇതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചുവരുന്നു. കൂടാതെ കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞുള്ള റീഹാബിലിറ്റേഷന്റെ സൗകര്യം മെച്ചപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ